**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2011-2014)

## രണ്ടാമത് റിപ്പോർട്ട്

( 2012 ജൂൺ 27þാം തീയതി സഭയിൽ സമർപ്പിച്ചതV)

**കോഴിക്കോട് ജില്ലയിലെ വിവിധ പ്രദേശങ്ങൾ നേരിടുന്ന**
**മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2011-2014)

രണ്ടാമത് റിപ്പോർട്ട്

( 2012 ജൂൺ 27þാം തീയതി സഭയിൽ സമർപ്പിച്ചതv)

**കോഴിക്കോട് ജില്ലയിലെ വിവിധ പ്രദേശങ്ങൾ നേരിടുന്ന**
**മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്**

844/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

## പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)

### സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്.

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

,, റ്റി. എ. അഹമ്മദ് കബീർ

,, എ. എം. ആരിഫ്

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

,, എം. വി. ശ്രേയാംസ് കുമാർ

,, പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി

,, എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി

,, രാജു, വൈ., അണ്ടർ സെക്രട്ടറി.

# അവതാരിക

പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2012 ജൂൺ 6-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*ചെയർമാൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂൺ 6.

## ആമുഖം

കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങളിലെ പരിസ്ഥിതി മലിനീകരണം സംബന്ധിച്ച് ധാരാളം പരാതികൾ സമിതിക്ക് ലഭിക്കുകയുണ്ടായി. പരാതികൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സമിതി സന്ദർശനം നടത്തുകയും പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ഈ പ്രദേശങ്ങളിലെ മലിനീകരണ പ്രശ്നങ്ങൾക്ക് യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജ്, കല്ലായിപ്പുഴ, കനോലി കനാൽ, ഞെളിയൻ പറമ്പ് എന്നിവിടങ്ങളിലെ പ്രശ്നങ്ങൾ അവയ്ക്ക് ഉദാഹരണങ്ങളാണ്. പ്രശ്നങ്ങൾക്ക് നാളിതുവരെ പരിഹാരമാകാത്തതിനാൽ പൊതുജനങ്ങളും സംഘടനകളും സമിതിക്ക് വീണ്ടും പരാതികൾ സമർപ്പിച്ചതിന്റെ ഫലമായി 2012 ജനുവരി 31-ന് പ്രസ്തുത പ്രദേശങ്ങൾ സമിതി സന്ദർശിക്കുകയും പ്രദേശങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ നേരിൽ കണ്ടു മനസ്സിലാക്കുകയും ചെയ്തു.

സമിതിയുടെ സന്ദർശനത്തിന്റെയും സമിതിക്ക് ലഭിച്ച പരാതികളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് മലിനീകരണം. ഇന്ന് മലിനീകരണം ഒരു സാമൂഹ്യപ്രശ്നമായി വളർന്നിരിക്കുന്നു. നാഗരികതയുടെ ഉപോൽപ്പന്നമാണ് മലിനീകരണമെങ്കിലും ഇത് ഉത്ഭവസ്ഥാനത്തു വച്ചുതന്നെ നശിപ്പിക്കുകയാണെങ്കിൽ ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്. ഫാക്ടറികൾ, ആശുപത്രികൾ, വ്യവസായശാലകൾ എന്നിവ മലിനീകരണ നിയന്ത്രണ നിയമങ്ങൾ ശരിയായി നടപ്പാക്കുകയാണെങ്കിൽ അന്തരീക്ഷമലിനീകരണവും, ജലമലിനീകരണവും ഉയർന്ന തോതിൽ കുറയ്ക്കുവാൻ കഴിയും.

മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒന്നോ രണ്ടോ ദിവസങ്ങൾ കൊണ്ടുണ്ടാകുന്നതല്ല. അതുകൊണ്ടുതന്നെ ശരിയായ പ്ലാനിംഗിലൂടെ മലിനീകരണത്തെ തടയുവാൻ കഴിയുമെന്നതിൽ സംശയമില്ല. വികസിത രാജ്യങ്ങൾ പലതും സ്വീകരിച്ചിട്ടുള്ള നടപടികൾ ഇതിനുദാഹരണമാണ്.

ഇന്ന് സംസ്ഥാനത്തെ നഗരങ്ങളിലെ റോഡുകളും മറ്റുപൊതുസ്ഥലങ്ങളും മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ് അസഹ്യമായ ദുർഗ്ഗന്ധം നിമിത്തം ജനജീവിതം ദുസ്സഹമായി മാറിയിരിക്കുന്നു. ജലാശയങ്ങളും, വായുവും മലിനമാക്കപ്പെട്ടുകഴിഞ്ഞ സാഹചര്യത്തിൽ നഗരങ്ങൾ മാത്രമല്ല ഗ്രാമങ്ങളും പകർച്ചവ്യാധികളുടെ ഭീഷണിയിലാണ്.

മാലിന്യസംസ്കരണകേന്ദ്രങ്ങൾ മാലിന്യനിക്ഷേപ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു എന്നതിനുദാഹരണങ്ങളാണ് തിരുവനന്തപുരത്തെ വിളപ്പിൽശാലയും, തൃശ്ശൂരിലെ ലാലൂരും, കോഴിക്കോട്ടെ ഞെളിയൻപറമ്പും.

കോഴിക്കോട് ജില്ലയിലെ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഈ റിപ്പോർട്ടിനാധാരമായ വിഷയം. വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള ജലമലിനീകരണം, അറവുശാലകളിലെ അവശിഷ്ടങ്ങൾ റോഡരികിലും പൊതുസ്ഥലങ്ങളിലും നിക്ഷേപിക്കൽ, കണ്ടൽ കാടുകളുടെ വ്യാപകമായ നശീകരണം, എന്നിവ അവയിൽ ചിലതു മാത്രമാണ്.

കോഴിക്കോട് ജില്ല നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് വിവിധ സംഘടനകളും വ്യക്തികളും സമിതിക്ക് പരാതികൾ സമർപ്പിക്കുകയുണ്ടായി. അവയിലെ പ്രധാനവിഷയങ്ങൾ താഴെ പ്രതിപാദിക്കുന്നു.

കോഴിക്കോട് ജില്ലയിലെ പ്രധാന നദിയായ കോരപ്പുഴ നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ ഒഴിവാക്കുക, കാവിലുംപാറ-മരുതോംകര പഞ്ചായത്തുകളിലെ വനനശീകരണം തടയുക, നഗരച്ചിറ എന്ന തണ്ണീർത്തടം സംരക്ഷിക്കുക, കോഴിക്കോട് മെഡിക്കൽ കോളേജിലെ മാലിന്യസംസ്കരണ പ്രശ്നങ്ങൾ പരിഹരിക്കുക, തലക്കുളത്തൂർ പാവയിൽ ശ്രീകൃഷ്ണസഹായം എൽ.പി.സ്കൂൾ റോഡിൽ മഴക്കാലത്തുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുക എന്നിവയും കൂടാതെ, ജില്ലയിലെ പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളായ ഖരമാലിന്യ സംസ്കരണം, ശുദ്ധജല മലിനീകരണം, വീടുകളിൽ നിന്നും

അറവുശാലകളിൽ നിന്നും മാംസ അവശിഷ്ടങ്ങളും ചപ്പുചവറുകളും റോഡരികിലും പുഴകളിലും നിക്ഷേപിക്കുന്നത്, നെൽവയൽ നികത്തൽ, കുന്നുകൾ ഇടിക്കുന്നത് തുടങ്ങിയവയും പുന്നൂർ പുഴയിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയുക എന്നതുമാണ് പരാതികളിലെ പ്രധാന ആവശ്യങ്ങൾ.

കോരപ്പുഴയെ നാശത്തിൽ നിന്നും രക്ഷിക്കണമെന്നും, കോരപ്പുഴയുടെ അഴിമുഖത്ത് അടിഞ്ഞുകൂടിയിട്ടുള്ള മണൽ വാരാതിരിക്കുന്നതിനാൽ പുഴയുടെ ഒഴുക്ക് ഗണ്യമായി തടസ്സപ്പെടുന്നുയെന്നും അത് പുഴയുടെ മലിനീകരണത്തിനിടയാക്കുന്നുവെന്നും, പുഴയുടെ അഴിമുഖം മുതൽ റെയിൽവേ ഗേറ്റ് മേൽപ്പാലംവരെ ഡ്രെഡ്ജ് ചെയ്യാൻ ജലവിഭവ വകുപ്പ് സർവ്വേ നടത്തിയിട്ടും തുടർ നടപടി ഉണ്ടായിട്ടില്ല എന്നതുമായിരുന്നു ഇത് സംബന്ധിച്ച പരാതിയിലെ ആക്ഷേപം.

സമിതിയുടെ (1996-98) പന്ത്രണ്ടാമത് റിപ്പോർട്ടായ കാവിലുംപാറ-മരുതോംകര പഞ്ചായത്തുകളിലെ വനനശീകരണംമൂലം സംജാതമാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ടിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ഇതേവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

കോഴിക്കോട് കോട്ടൂളി ബൈപ്പാസ് റോഡിന്റെ പടിഞ്ഞാറ് വശത്ത് കളിപൊയ്കയ്ക്ക് എതിർവശത്തായി സ്ഥിതി ചെയ്യുന്ന നഗരച്ചിറ എന്ന തണ്ണീർത്തടം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച പരാതിയിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത തണ്ണീർത്തടം സ്വകാര്യ വ്യക്തികളുടെ കൈവശത്തിലാണുള്ളതെന്നും, പ്രസ്തുത സ്ഥലത്ത് പുറമ്പോക്ക് ഭൂമിയില്ലെന്നും പ്രസ്താവിച്ചിരിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിൽ കോർപ്പറേഷന്റെ 140-ാം വാർഷിക സ്മാരകമായി നിലനിർത്തുന്നതിന് വേണ്ടി സ്ഥലം അക്വയർ ചെയ്യാൻ കൗൺസിൽ അംഗീകരിച്ചതായും എന്നാൽ വിലനിർണ്ണയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഗവൺമെന്റിന് നൽകിയിരിക്കുകയാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

പുന്നൂർ പുഴയിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ പുഴയുടെ ഒഴുക്കിനെ സാരമായി ബാധിച്ചിട്ടുണ്ടെന്നും, കൂടാതെ കക്കോടി പഞ്ചായത്ത് പുഴയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയണമെന്നതുമാണ് ഇത് സംബന്ധിച്ചു ലഭിച്ച പരാതിയിലെ ആവശ്യം.

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ (1996-98) ഒന്നാമത് റിപ്പോർട്ട് കോഴിക്കോട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങളെ സംബന്ധിച്ചുള്ളതായിരുന്നു. 1997 മാർച്ച് 18-ാം തീയതി നിയമസഭയിൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടിൽ, കോഴിക്കോട് കോർപ്പറേഷനിലെ 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മെഡിക്കൽ കോളേജും അതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ആശുപത്രിയും മറ്റ് സ്ഥാപനങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുക വഴി പരിസരവാസികളെ തീരാദുരിതത്തിൽ ആഴ്ത്തിയിരിക്കുകയാണെന്നും, മെഡിക്കൽ കോളേജിന്റെയും അനുബന്ധ ആശുപത്രികളുടെയും ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനജലം ഒരു നിയന്ത്രണവുമില്ലാതെയാണ് പുറത്തേക്ക് ഒഴുക്കി വിടുന്നതെന്നും, സെപ്ടിക് ടാങ്കിൽ നിന്നുമുള്ള മലിനജലം മെഡിക്കൽ കോളേജിന് കിഴക്കു

ഭാഗത്തുള്ള വിവിധ പോണ്ടുകളിലാണ് സംസ്കരിക്കുന്നതെന്നും പ്രസ്തുത മലിനജലം ശുദ്ധീകരിച്ച് ഒഴുക്കുന്നതിനുള്ള യാതൊരു നടപടിയും അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും, മേൽപ്പറഞ്ഞ പോണ്ടുകൾ നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്ന മലിനജലം സമീപപ്രദേശങ്ങളിലെ ജനവാസകേന്ദ്രങ്ങളിലേക്കാണ് പ്രവഹിക്കുന്നതെന്നും ആയത് തടയുന്നതിനുള്ള നടപടികളുണ്ടാകുന്നതിനും ആശുപത്രികളിലെ വിവിധ തരത്തിലുള്ള മലിനീകരണപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഉദ്ദേശിച്ചാണ് സമിതി പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചത്.

മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നുള്ള പാഴ്ജലം അവിടെത്തന്നെ സംഭരിച്ച് ശാസ്ത്രീയമായി സംസ്കരിച്ചശേഷം മാത്രം നിർമ്മാർജ്ജനം ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തിര നടപടി സ്വീകരിക്കണമെന്നും മെഡിക്കൽ കോളേജിൽ മാലിന്യസംസ്കരണം ഫലപ്രദമായി നടത്തുന്നതിന് ഒരു എൻവയോൺമെന്റൽ എഞ്ചിനീയറെ നിയമിക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ സമിതി ശുപാർശ ചെയ്തിരുന്നു.

ജില്ലയിലെ വിവിധ പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് സമിതിക്ക് ലഭിച്ച പരാതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് മേൽനടപടികൾക്കായി അയയ്ക്കുകയും സമിതി ഈ വിഷയങ്ങൾ സംബന്ധിച്ച് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രശ്നങ്ങൾക്ക് യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. റിപ്പോർട്ടുകളിലെ ശുപാർശകൾ ബധിരകർണ്ണങ്ങളിലാണ് പതിച്ചതെന്നു വേണം കരുതുവാൻ. നിയമസഭാ സമിതിയുടെ റിപ്പോർട്ടുകൾക്ക് വേണ്ടത്ര പ്രാധാന്യം കല്പിച്ച് ശുപാർശകളിന്മേൽ നടപടി സ്വീകരിക്കാത്തതിൽ സമിതി കടുത്ത അമർഷം രേഖപ്പെടുത്തുന്നു.

കോഴിക്കോട് ജില്ലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വർഷങ്ങളായി പരിഹാരമൊന്നും ഉണ്ടാകാത്തതിന്റെ ഫലമായി സംഘടനകളിൽ നിന്നും വ്യക്തികളിൽനിന്നും നിരന്തരം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങൾ നേരിൽ കണ്ട് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും പ്രദേശവാസികളുടെ പ്രതികരണങ്ങൾ അറിയുന്നതിനുമായി 2012 ജനുവരി 31-ാം തീയതി കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സമിതി യോഗം ചേർന്ന് പരിസ്ഥിതി, ആരോഗ്യം, റവന്യൂ, ജലസേചനം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും, കോഴിക്കോട് മെഡിക്കൽ കോളേജ്, നഗരച്ചിറ, ഞെളിയൻപറമ്പ് മാലിന്യ സംസ്കരണ കേന്ദ്രം, കല്ലായിപ്പുഴ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയുമുണ്ടായി.

പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ സമിതിക്ക് ബോധ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജില്ലയിൽ വ്യാപകമായ രീതിയിൽ കുന്നിടിക്കലും നെൽവയൽ നികത്തലും നടന്നുവരുന്നു. കുന്നിടിക്കലിനും നെൽവയൽ നികത്തലിനുമെതിരെ ലഭിക്കുന്ന പരാതികളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ നെൽവയൽ നീർത്തടസംരക്ഷണ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് പലരും നെൽവയൽ നികത്തുന്നതിനുള്ള അനുമതി നേടിയെടുക്കുന്നു. പ്രാദേശിക സമിതികളുടെ ശുപാർശയുടെ

അടിസ്ഥാനത്തിൽ മാത്രമേ നെൽവയൽ നികത്തുന്നതിന് അനുമതി നൽകുന്നുള്ളൂ. എന്നാൽ അനധികൃത കുന്നിടിക്കലിനെതിരെയും നെൽവയൽ നികത്തലിനെതിരെയും യഥാസമയം നടപടി സ്വീകരിക്കുവാൻ ആവശ്യത്തിന് വാഹനങ്ങളില്ലാത്തതിനാൽ കഴിയുന്നില്ല എന്ന ന്യായീകരണം കണ്ടെത്തുവാനാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (ഡെ. കളക്ടർ) ശ്രമിച്ചത്. ഇത്തരം അനധികൃത പ്രവൃത്തികൾ അധികവും നടത്തുന്നത് രാത്രിയിലോ അവധിദിവസങ്ങളിലോ ആണെന്നു പറഞ്ഞ് സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാനായിരുന്നു ഉദ്യോഗസ്ഥന്റെ ശ്രമം. നിയമം ലംഘിച്ച് കുന്നിടിച്ചതിനും വയൽ നികത്തിയതിനും ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് 'ഉണ്ട്' എന്ന ഒറ്റവാക്കിലുള്ള മറുപടിയിലൂടെ ടി ഉദ്യോഗസ്ഥൻ വിഷയത്തിൽ നിന്നും തടിതപ്പുകയായിരുന്നു.

2. പുന്നൂർപുഴയുടെ കരകൾ കൈയ്യേറി പാലം നിർമ്മിച്ചതും പഞ്ചായത്ത് ഓഫീസ്, പാർക്ക്, കുടിവെള്ള പദ്ധതികൾക്കായി പൈലുകൾ എന്നിവ നിർമ്മിച്ചതിന്റെ ഫലമായി നദിയുടെ ഒഴുക്കിന് തടസ്സമുണ്ടാകുകയും അതിന്റെ ഫലമായി വർഷകാലത്ത് മുൻകാലങ്ങളിലില്ലാത്ത വിധം അടിക്കടി അപ്രതീക്ഷിതമായി വെള്ളപ്പൊക്കമുണ്ടാകുന്നതിനാൽ നദിയുടെ ഇരുകരകളിലും താമസിക്കുന്നവർ ഭീഷണിയിലാണ് കഴിയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഫ്ളഡ്ബാങ്ക് നിർമ്മിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള പരാതി ഉയരുകയും പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദമായ പഠനം നടത്തണമെന്ന ഓംബുഡ്സ്മാന്റെ വിധിയുടെ അടിസ്ഥാനത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (എക്സി.എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ്) അറിയിച്ചു. ഏകദേശം ഇരുപത്തിയഞ്ചോളം ശുദ്ധജല പദ്ധതികൾ സ്ഥാപിച്ചിട്ടുള്ള പുന്നൂർപുഴയിൽ വ്യക്തികളും, പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും മാലിന്യം തള്ളുന്നുണ്ട്. പുഴയിലെ മാലിന്യത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് 'ഉണ്ട്' എന്ന ഒറ്റവാക്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (സീനിയർ എൺവയോൺമെന്റൽ എഞ്ചിനീയർ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, കോഴിക്കോട്) രക്ഷപ്പെടുകയായിരുന്നു.

3. കോരപ്പുഴയിൽ മത്സ്യങ്ങൾ ചാകുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും യൂണിനോർ മറൈൻ എക്സ്പോർട്ട് എന്ന ചെമ്മീൻ സംസ്കരണ ഫാക്ടറിക്കെതിരെ പരാതിയുണ്ടെങ്കിൽ പരിഹാരം കാണണമെന്നും ഇല്ലെങ്കിൽ നോട്ടീസ് നൽകി നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

4. കോരപ്പുഴയുടെ ഒഴുക്ക് തെക്കോട്ട് നീങ്ങുകയാണെന്നും, അത് തടയുന്നതിനായി പുലിമുട്ട് നിർമ്മിക്കാൻ തീരുമാനിച്ചതായും, നിർമ്മാണ പഠനത്തിനായി ചെന്നൈ ഐ. ഐ.ടി.യെ ചുമതലപ്പെടുത്തിയതായും എന്നാൽ പ്രദേശവാസികൾ പുലിമുട്ട് വേണ്ടെന്നും, നദിയുടെ ഒഴുക്ക് പൂർവ്വസ്ഥാനത്ത് തന്നെ മതിയെന്നും അഭിപ്രായം ഉള്ളവരാണെന്ന് സമിതിയെ ധരിപ്പിച്ചു.

5. ഞെളിയൻപറമ്പിലെ മാലിന്യസംസ്കരണപ്ലാന്റിന് പ്രതിദിനം 60-65 ടൺ മാലിന്യം സംസ്കരിക്കുന്നതിനുള്ള ശേഷി മാത്രമാണുള്ളത്. എന്നാൽ കോഴിക്കോട് നഗരത്തിൽ പ്രതിദിനം ഏകദേശം 150 ടൺ മാലിന്യങ്ങൾ ഉണ്ടാകുന്നുണ്ട്. പ്ലാന്റിൽ

ജൈവമാലിന്യങ്ങൾ മാത്രമേ സംസ്കരിക്കുന്നുള്ളൂ. അതിനാൽ കോഴിക്കോട് നഗരത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇന്നും ഒരു ഭീഷണിയായി നിലനിൽക്കുന്നു. ലാന്റ് ഫിൽ ചെയ്ത് അതിനുമുകളിൽ പോളിത്തീൻ ഷീറ്റ് വിരിച്ച് മാലിന്യം സൂക്ഷിക്കുന്നതിനാൽ ഞെളിയൻപറമ്പിലെ സംസ്കരണശാലയിൽ നിന്നും ദുർഗ്ഗന്ധം അധികമായി ഉണ്ടാകുന്നില്ല. പ്രോസസ്സിംഗ് നടക്കുന്ന സമയത്തുമാത്രമാണ് ചെറിയ തോതിൽ ദുർഗ്ഗന്ധം ഉണ്ടാകുന്നത്. പ്ലാന്റിൽ പുതുതായി സ്ഥാപിച്ച റെയിൻ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല.

6. സരോവരം പാർക്കിന് സമീപത്തായുള്ള 3.29 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന നഗരച്ചിറ എന്ന തണ്ണീർതടം ഒരു ശുദ്ധജല സ്രോതസ്സാണ്. മൂന്ന് സ്വകാര്യ വ്യക്തികളുടെ പേരിലുള്ള പ്രസ്തുത സ്ഥലം ഇന്ന് കൊതുകുകളുടെ പ്രജനന കേന്ദ്രമാണ്. ജലാശയത്തിന്റെ പലഭാഗങ്ങളും കൈയേറി മണ്ണിട്ട് നികത്തിയിരിക്കുകയാണ്. ഇത് നഗരസഭ ഏറ്റെടുത്ത് സംരക്ഷിക്കണമെങ്കിൽ 12 കോടിയോളം രൂപ ആവശ്യമാണ്. ഇതിന് സർക്കാരിൽനിന്നുള്ള ധനസഹായമില്ലെങ്കിൽ ഏറ്റെടുക്കൽ സാധ്യമല്ല.

തെളിവെടുപ്പുയോഗം അവസാനിപ്പിച്ച് സമിതി പോയത് കോഴിക്കോട് മെഡിക്കൽ കോളേജ് സന്ദർശനത്തിനാണ്.

മെഡിക്കൽ കോളേജ് കാമ്പസിനുപുറത്തുള്ള 40 ഏക്കർ സ്ഥലത്ത് 56 വർഷങ്ങൾക്കുമുൻപ് നിർമ്മിച്ച രണ്ട് ട്രീറ്റ്മെന്റ് ഓക്സിഡേഷൻ പോണ്ടുകളിലാണ് ഇന്നും മെഡിക്കൽ കോളേജിലെ പാഴ്ജലം എത്തിക്കുന്നത്. പോണ്ടുകൾക്ക് ഇന്നുണ്ടാകുന്ന മലിനജലം വഹിക്കുന്നതിനുള്ള ശേഷിയില്ലാത്തതിനാൽ ജലം പുറത്തേയ്ക്കൊഴുകി അടുത്തുള്ള റോഡിൽ ദുർഗ്ഗന്ധം വിതറിക്കൊണ്ട് പരന്നൊഴുകുന്നു. മെഡിക്കൽ കോളേജ് കാമ്പസിലെ ഇൻസിനറേറ്റർ ഒരുമാസമായി പ്രവർത്തനമില്ലാത്തതിനാൽ IMA-യുടെ നിയന്ത്രണത്തിലുള്ള 'ഇമേജ്' എന്ന സംഘടനയാണ് ആശ്രുപത്രി മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്. ആശുപത്രിയിൽ പുതുതായി നിർമ്മിച്ച മലിനജല ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായെങ്കിലും ട്രീറ്റ് ചെയ്ത ജലം കനോലി കനാലിലേക്ക് ഒഴുക്കുന്നതിന് പൈപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ 7 കോടിയോളം രൂപ സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പ്ലാന്റ് പ്രവർത്തിപ്പിക്കാനായിട്ടില്ലെന്ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സമിതിയെ അറിയിച്ചു.

മെഡിക്കൽ കോളേജിനുശേഷം സമിതി സന്ദർശിച്ചത് 'നഗരച്ചിറ'യായിരുന്നു. നഗരച്ചിറയിലെ കാഴ്ചകൾ ശോചനീയമായിരുന്നു. ജലാശയത്തിലെ ജലം മലിനമാക്കപ്പെട്ടിരിക്കുന്നു. ജലത്തിൽ കൊതുകിന്റെ ലാർവകൾ നിറഞ്ഞിരിക്കുന്നു. ജലാശയം കൈയേറി നികത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നതും കൂറ്റൻ പരസ്യബോർഡുകൾ സ്ഥാപിച്ചിരിക്കുന്നതും കണ്ടു.

തുടർന്ന് ഞെളിയൻപറമ്പിലെ മാലിന്യസംസ്കരണ പ്ലാന്റാണ് സമിതി സന്ദർശിച്ചത്. പ്ലാന്റ് അപ്പോൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. മാലിന്യം സംസ്ക്കരിച്ച് വളമാക്കി മാറ്റുന്നത് കാണാമായിരുന്നു. മുൻകരുതൽ എടുക്കുന്നതിന്റെ ഫലമായി ദുർഗന്ധം പരമാവധി കുറയ്ക്കുവാൻ കഴിയുന്നുണ്ട്. എന്നാൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ പരിഹൃതമല്ലാത്ത പ്രശ്നമായി നിലനിൽക്കുന്നു.

സമിതിയുടെ അടുത്ത സന്ദർശനസ്ഥലം കല്ലായിപ്പുഴയും കനോലി കനാലുമായിരുന്നു. കല്ലായി പുഴയിലെ ജലം മലിനമാക്കപ്പെട്ടതിന്റെ ഫലമായി കറുപ്പുനിറമായി മാറിയിരിക്കുന്നു. ശാസ്ത്രീയമല്ലാത്തരീതിയിൽ നദി കൈയേറി റോഡും പാലവും നിർമ്മിച്ചത് നദിയുടെ ഒഴുക്കിനെ സാരമായി ബാധിച്ചിരിക്കുന്നു. നഗരത്തിലെ എല്ലാ പ്രധാന ആശുപത്രികളിലെയും മാലിന്യങ്ങൾ നേരിട്ട് കനോലി കനാലിലും കല്ലായി പുഴയിലുമാണ് എത്തുന്നത്. മാലിന്യം നിറഞ്ഞ് കനോലി കനാലിൽ ഒഴുക്ക് നിലച്ച അവസ്ഥയിലാണ്.

കേരളത്തിൽ വർദ്ധിച്ചുവരുന്ന നഗരവത്ക്കരണത്തിന്റെ ഫലമായുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒഴിവാക്കുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നില്ല. വികസനത്തിന്റെ ഭാഗമായി വൻതോതിൽ കെട്ടിട സമുച്ചയങ്ങളും, ഫാക്ടറികളും നിർമ്മിക്കപ്പെടുമ്പോൾ അതിനനുസരിച്ചുള്ള മലിനീകരണ നിവാരണ സംവിധാനങ്ങളുടെ അപര്യാപ്തതമൂലം സമൂഹം മുഴുവനായി അവയുടെ അനന്തരഫലങ്ങൾ അനുഭവിക്കുന്നു.

നഗരങ്ങളിലെ മാലിന്യം കേന്ദ്രീകൃതമാലിന്യ സംസ്കരണശാലകൾവഴി സംസ്കരിക്കുന്നതിനുള്ള നീക്കങ്ങൾ വളരെയധികം പ്രകോപനങ്ങൾക്കും പ്രതിഷേധങ്ങൾക്കും വഴിവയ്ക്കുന്നു. തിരുവനന്തപുരത്തെ വിളപ്പിൽശാല, തൃശ്ശൂരിലെ ലാലൂർ, കോഴിക്കോട്ടെ ഞെളിയൻപറമ്പ് എന്നിവിടങ്ങൾ സൂചിപ്പിക്കുന്നത് ഇതാണ്.

കോഴിക്കോട് ജില്ലയിലെ മാലിന്യത്തിന്റെ സിംഹഭാഗവും എത്തിച്ചേരുന്നത് കനോലി കനാലിലാണ്. കനാൽ കല്ലായി പുഴയെക്കാൾ ഉയർന്നു നിൽക്കുന്നതിനാൽ കല്ലായി പുഴയിൽ നിന്നും ജലം കനാലിലേക്ക് പ്രവേശിക്കാത്തതിനാൽ കനാൽ അവസാനിക്കുന്ന ഭാഗത്ത് മാലിന്യങ്ങളും പാഴ്ജലവും കെട്ടിക്കിടന്ന് പരിസരമാകെ ദുർഗ്ഗന്ധം പരക്കുന്നതുനിമിത്തം പരിസരവാസികളുടെ ജീവിതം വളരെ ദുരിതപൂർണ്ണമാണ്. ഈ വിഷയം സമിതി (2009-11)യുടെ ഒൻപതാമത് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും നാളിതുവരെ അധികൃതരുടെ ഭാഗത്തുനിന്നും ഇത് പരിഹരിക്കുന്നതിന് നടപടികളൊന്നും ഉണ്ടാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

സംസ്ഥാനത്തെ നദികളെല്ലാം മലിനീകരിക്കപ്പെട്ടതിന്റെ ഫലമായി നദികളിലെ ജലം ഒന്നിനും ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ചെലവില്ലാതെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഉപാധിയായി നദികൾ ഉൾപ്പെടെയുള്ള ജലാശയങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ഒരു നദിയിലെ ജലത്തിൽ 80% കോളിഫോം ബാക്ടീരിയ അടങ്ങിയിരിക്കുന്നു എന്ന ഞെട്ടിക്കുന്ന വാർത്തയാണ് വെളിവാക്കപ്പെട്ടിട്ടുള്ളത്. കോഴിക്കോട്ടെ കല്ലായിപ്പുഴയും അതിൽനിന്നും വ്യത്യസ്ഥമല്ല എന്ന് സമിതി വിലയിരുത്തുന്നു. നദിയിലെ ജലത്തിന്റെ നിറവും ദുർഗന്ധവും അതാണ് വെളിപ്പെടുത്തുന്നത്.

കേരളത്തിലെ ജനങ്ങളുടെ ജീവിതശൈലിയിലുണ്ടായ മാറ്റമാണ് ഇതിനെല്ലാം കാരണം. 'ഞാനും എന്റെ വീടും വൃത്തിയുള്ളതായാൽ മതി' എന്ന പുതുതലമുറയുടെ ചിന്താഗതി മാറിയില്ലെങ്കിൽ പൈതൃകമായ സാമൂഹ്യചിന്താഗതി തന്നെ ശിഥിലമാകും. സ്വന്തം വീട്ടിലെ മാലിന്യം അന്യന്റെ വസ്തുവിലോ പൊതുവഴികളിലോ വലിച്ചെറിഞ്ഞ്

കുറുക്കുവഴിയിലൂടെ മാലിന്യം നിർമ്മാജ്ജനം ചെയ്യുന്ന വിദ്യയാണ് ഇന്നത്തെ പരിഷ്കൃത സമൂഹത്തിന്റേത്. മാലിന്യം ഉറവിടങ്ങളിൽ തന്നെ സംസ്കരിച്ചാൽ പൊതു സംസ്കരണശാലകൾവഴിയുള്ള സംസ്കരണം ഗണ്യമായി കുറയ്ക്കാവുന്നതും അതുവഴി ഒരു പ്രദേശത്തെ മാലിന്യം അവിടെയുള്ള ജനങ്ങൾക്ക് ബാധ്യതയാകുന്ന അവസ്ഥ ഒഴിവാക്കപ്പെടുന്നതുമാണ്.

സമിതിയുടെ സന്ദർശനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ സമിതിക്ക് ബോധ്യപ്പെട്ട വിഷയങ്ങളിന്മേൽ പരിഹാരം ഉണ്ടാകുന്നതിനായി താഴെപ്പറയുന്ന നടപടികൾക്ക് ശുപാർശ ചെയ്യുന്നു:

**ശുപാർശകൾ**

(1) കോഴിക്കോട് ജില്ലയിൽ വ്യാപകമായ രീതിയിൽ കുന്നിടിക്കുന്നതും, നിലം നികത്തുന്നതും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതായി സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. പരിസ്ഥിതിയെ ബാധിക്കുന്ന തരത്തിലുള്ള കുന്നിടിക്കലിനും നിലം നികത്തലിനും ഭൂമാഫിയകളും ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധമാണെന്നും ആയതിനാൽ സംസ്ഥാനത്ത് ഇത്തരം കുറ്റവാളികളായ ഉദ്യോഗസ്ഥരെ കണ്ടെത്തുകയും അവർക്കെതിരേ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(2) ഖരദ്രവ്യ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നിഷേധിക്കേണ്ടതാണ്. പാർപ്പിട സമുച്ചയങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, റിസോർട്ടുകൾ, കല്യാണമണ്ഡപങ്ങൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ, അറവുശാലകൾ, മാർക്കറ്റ് എന്നിവയിലെ മാലിന്യം സ്രോതസ്സിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ സ്രോതസ്സിൽത്തന്നെ മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടോയെന്ന് പരിശോധന നടത്തണമെന്നും ഇത്തരം സംവിധാനം ഇല്ലാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(3) കോഴിക്കോട് മെഡിക്കൽ കോളേജിലെ മലിനജലം സംസ്കരിക്കുന്ന പോണ്ടുകളിൽ അസഹനീയമായ ഗന്ധം അനുഭവപ്പെടുന്നതും പോണ്ടുകളിൽ മലിനജലം നിറഞ്ഞ് സമീപപ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നത് പൊതുജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുമെന്നതിനാൽ അടിയന്തിരമായി മലിനജലം പുറത്തേയ്ക്കൊഴുകുന്നത് തടയേണ്ടതാണ്. പുതുതായി നിർമ്മിച്ച ട്രീറ്റ്മെന്റ് പ്ലാന്റ് അടിയന്തിരമായി പ്രവർത്തനം ആരംഭിക്കേണ്ടതും ലേറ്റസ്റ്റ് ടെക്നോളജി ഉപയോഗിച്ച് ഇവ പുനരുദ്ധരിക്കേണ്ടതാണെന്നും ട്രീറ്റ് ചെയ്ത ജലം പരിപൂർണ്ണമായി ശുദ്ധമാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രം കനോലി കനാലിൽ കൂടി ഒഴുക്കിവിടുന്നതിന്റെ പ്രായോഗികവശം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(4) കോഴിക്കോട് നഗരത്തിൽ പ്രവർത്തിക്കുന്ന സർക്കാർ/സ്വകാര്യ ഹോസ്പിറ്റലുകളിൽ സ്വന്തമായി മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കേണ്ടതും,

മലിനജലം സംസ്കരണശേഷം മാത്രമേ പുറത്ത് വിടുന്നുള്ളൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണെന്നും ഈ രീതിയിലല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(5) വീടുകൾ, കച്ചവടസ്ഥാപനങ്ങൾ, ഫ്ളാറ്റുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യം ജലസ്രോതസ്സുകളിൽ എത്തുന്നതിനുമുൻപായി ശേഖരിച്ച് ട്രീറ്റ് ചെയ്യുന്നതിനായി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകണമെന്നും ഇത്തരം സംവിധാനം നടപ്പിലാക്കാത്തവരുടെ ലൈസൻസ് റദ്ദ് ചെയ്യാനും അവർക്ക് ശിക്ഷ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(6) കനോലി കനാലിൽ ആശുപത്രികൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മാലിന്യം നേരിട്ട് എത്തുന്നത് തടയേണ്ടുന്നതും കനാലിലെ ജലത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

(7) കല്ലായി പുഴയിലേക്ക് സ്വീവേജ് വേസ്റ്റുകളും അറവുശാലകളിലെ അവശിഷ്ട ങ്ങളും എത്തുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് മാലിന്യനിക്ഷേപത്തിനെതിരെ ജനപങ്കാളിത്തം ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(8) കല്ലായിപുഴയ്ക്ക് കുറുകെ നിർമ്മിച്ച പാലത്തിന്റെ നിർമ്മാണ അവശിഷ്ടങ്ങൾ ജലത്തിന്റെ ഒഴുക്കിനെ ബാധിക്കുന്നതിനാൽ പ്രസ്തുത അവശിഷ്ടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(9) കോരപ്പുഴയിൽ മത്സ്യങ്ങൾ ചാകുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും, യൂണിനോർ മറൈൻ എക്സ്പോർട്ട് എന്ന ചെമ്മീൻ സംസ്കരണഫാക്ടറി മലിനീകരണം നടത്തുന്നു എന്ന് സമിതിക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഫാക്ടറിക്ക് നോട്ടീസ് കൊടുത്ത് നിയമാനുസൃതമായ നടപടി സ്വീകരിക്കുവാനും പുഴയിലെ മത്സ്യങ്ങൾ ചാകുന്നത് ഫാക്ടറിയിലെ മലിനീകരണംമൂലമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി നിർദ്ദേശിക്കുന്നു.

(10) കോഴിക്കോട് നഗരത്തിലെ തണ്ണീർത്തടമായ നഗരച്ചിറ മാലിന്യ മുക്തമാക്കുന്നതിനും ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനും, പ്രസ്തുത ചിറ അടിയന്തിരമായി നഗരസഭ ഏറ്റെടുക്കുന്നതിനും അതിനാവശ്യമായ തുക സർക്കാർ അനുവദിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

(11) കോഴിക്കോട് നഗരത്തിലെ മാലിന്യനീക്കം സംബന്ധിച്ച് ശാസ്ത്രീയമായ പഠനറിപ്പോർട്ട് മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

(12) കോഴിക്കോട് ജില്ലയിലെ നദികളുടെയും ജലസ്രോതസ്സുകളുടെയും ലേറ്റസ്റ്റ് പൊസിഷൻ സംബന്ധിച്ച റിപ്പോർട്ടും ജില്ലയിലെ നദികളായ കല്ലായിപ്പുഴ, കോരപ്പുഴ, പുന്നൂർപ്പുഴ എന്നീ നദികളടക്കമുള്ള എല്ലാ നദികളിലെയും കയ്യേറ്റം, ജലമലിനീകരണം എന്നിവ സംബന്ധിച്ച റിപ്പോർട്ടും ബന്ധപ്പെട്ട വകുപ്പുകൾ സമിതിക്ക് ലഭ്യമാക്കേണ്ടതാണ്.

(13) നദികളിലെ കയ്യേറ്റമോ ജലമലിനീകരണമോ കണ്ടാൽ സ്വമേധയാ നടപടി എടുക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

(14) ജില്ലയിലെ നദികളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കണമെന്നും, ജലത്തിലെ കോളിഫോം ബാക്ടീരിയയെ ഒഴിവാക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

(15) കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാം വയൽ നികത്തിയിട്ടുണ്ടെന്നും കുന്നുകൾ ഇടിച്ചിട്ടുണ്ടെന്നും കുന്നുകൾ എവിടെയെല്ലാം ഇപ്പോൾ ഉണ്ടെന്നുമുള്ള വിശദമായ പഠനവും മാപ്പിംഗും നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സി. പി. മുഹമ്മദ്,

*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
6-6-2012.